# കാർഷിക സർവകലാശാലയിൽ വിത്ത് ബാങ്ക്

Madhyamam-25-05-2018-P-14

**തൃശൂർ:** വിത്തുകൾ സംരക്ഷിക്കാനും അവ കർഷകർക്ക് ലഭ്യമാക്കാനും കാർഷിക സർവകലാശാലയിൽ സ്ഥാപിക്കുന്ന വിത്ത് ബാങ്ക് ശനിയാഴ്ച 12-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ജൈവ വൈവിധ്യ സംരക്ഷണ കേന്ദ്രവും തുറക്കുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

പരമ്പരാഗത നെല്ലിനങ്ങൾ അടക്കം സംരക്ഷിക്കും. നാടൻ പച്ചക്കറികൾ, കിഴങ്ങുവർഗങ്ങൾ എന്നിവയുടെ വിത്തുകളും ഉണ്ടാകും. പരമ്പരാഗത വിത്തിനങ്ങളുടെ ബൗദ്ധികാവകാശം സ്വകാര്യ വ്യക്തികൾക്കാണ് ഇപ്പോഴുള്ളത്. ഇത് കർഷകർക്കാകുമെന്ന് മന്ത്രി അവകാശപ്പെട്ടു.

23 പുതിയ വിളയിനങ്ങളും പുറത്തിറക്കും. നെല്ലിൻെറ ആറും പച്ചക്കറികളുടെ നാലും വിള ഇനങ്ങൾ സർവകലാശാലയിലെ ഗവേഷകർ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

സുഗന്ധവിളകളുടെ പതിനൊന്നും കിഴങ്ങുവർഗങ്ങളുടേയും ഔഷധ സസ്യങ്ങളുടേയും ഓരോന്നു വീതവും വിള ഇനങ്ങളും വികസിപ്പിച്ചിട്ടുണ്ട്.

സർവകലാശാലയുടെ സെൻട്രൽ ഓഡിറ്റോറിയത്തിൽ മന്ത്രിമാരായ എ.സി. മൊയ്തീൻ, സി. രവീന്ദ്രനാഥ് തുടങ്ങിയവരും പങ്കെടുക്കും. വാർത്തസമ്മേളനത്തിൽ കെ.രാജൻ എം.എൽ.എ, വൈസ് ചാൻസലർ ഡോ.ആർ.ചന്ദ്രബാബു, ഗവേഷണ വിഭാഗം മേധാവി ഡോ. പി. ഇന്ദിരാദേവി, വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. ജിജു പി.അലക്സ് തുടങ്ങിയവരും പങ്കെടുത്തു.